22/3

വ്യവസായം ഗ്രാമങ്ങൾക്ക്

വ്യവസായം ഗ്രാമങ്ങൾക്ക്

കേരള
ശാസ്ത്രസാഹിത്യ
പരിഷത്ത്

19-ാം വാർഷികാഘോഷങ്ങളോടനുബന്ധിച്ച്
മലപ്പുറം ജില്ലയിൽ വ്യാപകമായി
നടത്തുന്ന ബോധവൽക്കരണ പരിപാടികളുടെ
ഭാഗമായി പ്രസിദ്ധപ്പെടുത്തുന്ന
ലഘു ഗ്രന്ഥങ്ങളിൽ ഒന്നാണിത്

VYAVASAYM GRAMANGALKKU
P. G. Padmanabhan
Published in December 1981
Published and distributed by
Kerala Sastra Sahitya Parishad
Quilon 601013
Printed at: Swaraj Press & Publications, Trivandrum
Rights Reserved
Cover: Chandranandan
Price: Re. 0.50

KSSP 190/81 AC_2 FC/8 1/2000

Paper used for the printing of this book has been made available by Government of India at concessional rate.

വ്യവസായം ഗ്രാമങ്ങൾക്ക്

മഹാരാഷ്ട്ര സംസ്ഥാനത്ത് വാർധാ എന്നൊരു സ്ഥലമുണ്ട്. അവിടെ ഗ്രാമങ്ങൾക്ക് യോജിച്ച ശാസ്ത്ര സാങ്കേതിക വിദ്യകളെ ക്കുറിച്ച് ഗവേഷണ പഠനങ്ങൾ നടത്തുന്ന ഒരു കേന്ദ്രമുണ്ട്. സെൻറർ ഓഫ് സയൻസ് ഫോർ വില്ലേജസ് എന്നാണ് പേര്.

അവർ അടുത്ത കാലത്ത് വാഴപ്പോളകൾ ഉപയോഗിച്ച് കൈക്കടലാസും, കട്ടിബോർഡുകളും ഉണ്ടാക്കാമെന്ന് കണ്ടുപിടിച്ചു. കട്ടിബോർഡുകൾ പുരയുടെ മറകൾ, പെട്ടികൾ, ബോർഡുകൾ ഇവയുണ്ടാക്കാൻ ഉപയോഗിക്കാം. കൈക്കടലാസ് പുസ്തകങ്ങളുടെ പുറം ചട്ടയ്ക്കും പടംവരയ്ക്കാനും മററ് അച്ചടികൾക്കും ഉപയോഗിക്കാം.

വാഴയുടെ കുലവെട്ടിയെടുത്തുകഴിഞ്ഞാൽ മററു ഭാഗങ്ങളെല്ലാം നാം പാഴാക്കിക്കളയുകയാണ്. ഇത് ഉപയോഗപ്പെടുത്താൻ കഴിയുക ഒരു വലിയ നേട്ടമാണ്.

വാഴപ്പോളയിൽ നിന്ന്

വാഴപ്പോളകൊണ്ട് ബോർഡുണ്ടാക്കുന്ന രീതി വളരെ ലളിതമാണ്. ഉണങ്ങിയ വാഴപ്പോളകൾ മൂന്നാലിഞ്ച് നീളത്തിൽ നുറുക്കുക. തുടർന്ന് വെള്ളത്തിൽ മുക്കിയിടുക. വെള്ളത്തിൽ സോഡിയം ഹൈഡ്രോക്സൈഡ് എന്ന രാസവസ്തുവും ചേർത്തിരിക്കും. രണ്ടുമൂന്നു ദിവസം ഇങ്ങനെ വെള്ളത്തിലിടണം.

തുടർന്ന് കഴുകിയെടുത്ത്ബീറ്റർ എന്ന ചെറിയ യന്ത്രത്തിൽ അരച്ച് പരപ്പുണ്ടാക്കുന്നു. ഈ പരപ്പ് തടികൊണ്ടുള്ള അച്ചിൽ ഒഴിക്കുന്നു. അച്ചിനുമുകളിൽ ഒരു സ്ക്രൂപ്രസ് (അഥവാ ഹൈഡ്രോളിക് പ്രസ്) ഉപയോഗിച്ച് ശക്തിയായി അമർത്തി ജലാംശം കളയുന്നു. തുടർന്ന് വെയിലിൽ 2–3 ദിവസം ഉണക്കിയെടുത്താൽ ബോർഡുകളായി.

ആറ് ചതുരശ്ര അടിവീതം വിസ്തീർണമുള്ള ഇത്തരം 10 ബോർഡുകളുണ്ടാക്കിയാൽ അതിന് 90 രൂപയെങ്കിലും വില കിട്ടും.

നമ്മുടെ നാട്ടിൽ വാഴപ്പോളകളും മനുഷ്യാദ്ധ്വാനവും ധാരാളമായി പാഴായിപ്പോകുന്നുണ്ട്. ഇവ രണ്ടും ചേർത്ത് പുതിയ മൂല്യം ഉണ്ടാക്കാൻ കഴിയുക എന്നത് ഒരു വലിയ നേട്ടമാണ്.

ഗുണം ആർക്കെല്ലാം

മറ്റൊരു പ്രധാന കാര്യം ഇത്തരം വ്യവസായങ്ങൾ സൃഷ്ടിക്കുന്ന പുതിയ മൂല്യം വിതരണം ചെയ്യപ്പെടുന്ന രീതിയാണ്. ഇവിടെ പുതിയമൂല്യം ആർക്കെല്ലാം കിട്ടുന്നു എന്നുനോക്കാം.

		രൂപ	പൈസ
1)	10 ബോർഡുണ്ടാക്കാൻ 40മണിക്കൂർ മനുഷ്യാദ്ധ്വാനം വേണം ഇതിൻെറ കൂലി	40	00
2)	40 കിലോഗ്രാം വാഴപ്പോള വില	24	00
3)	വൈദ്യുതിച്ചെലവ് 13 യൂണിററ്	6	50
5)	രാസവസ്തുക്കളുടെ ചെലവ്	6	00
5)	യന്ത്രങ്ങളുടെ തേയ്മാനവും മേൽനോട്ടവും ചെലവും	8	00
6)	ലാഭം	5	50
		90	00

ഗ്രാമീണർക്ക്

മേൽപ്പറഞ്ഞ കണക്കു പരിശോധിക്കുക. 90 രൂപയിൽ 70 രൂപയോളം ഗ്രാമീണർക്കുതന്നെ കിട്ടുന്നു. വാഴപ്പോളവില കൃഷിക്കാർക്കും. അദ്ധ്വാനത്തിൻെറ കൂലി തൊഴിലാളിക്കും.

കൈക്കടലാസ്

രാജസ്ഥാൻ, ഉത്തർപ്രദേശ്, മഹാരാഷ്ട്ര, തമിഴ്നാട് ഇവിടങ്ങളിൽ പ്രവർത്തിക്കുന്ന കൈക്കടലാസ് വ്യവസായങ്ങളുടെ കാര്യം പരിശോധിക്കാം. കച്ചി, പഴയ കടലാസുകൾ, തുണികൾ തുടങ്ങിയ വസ്തുക്കൾ അരച്ച് പൾപ്പാക്കി പരുക്കൻ കടലാസുകൾ ഉണ്ടാക്കുന്ന നിരവധി വ്യവസായങ്ങൾ ഇവിടങ്ങളിലുണ്ട്.

ഇന്ത്യയിലാകെ 10 ലക്ഷം ടൺ കടലാസ് ഈ വ്യവസായങ്ങളിലുൽപാദിപ്പിക്കപ്പെടുന്നു. 5040 പേർക്ക് ഈ രംഗത്ത് സ്ഥിരമായി പണിയുണ്ട്.

ദിവസം ഒരു ടൺ കടലാസ് ഉൽപാദിപ്പിക്കാൻ കഴിയുന്ന ഒരു കൈക്കടലാസ് വ്യവസായം സ്ഥാപിക്കാൻ അഞ്ചരലക്ഷം രൂപ മുതലിറക്കണം. ഇത്തരം വ്യവസായങ്ങൾക്ക് ഖാദി ഗ്രാമ ബോർഡ് ചില സഹായങ്ങൾ ചെയ്യുന്നുണ്ട്.

ദിവസം 100 ടൺ കടലാസ് ഉല്പാദിപ്പിക്കാൻ കഴിയുന്ന ഒരു ആധുനിക കടലാസു വ്യവസായം സ്ഥാപിക്കാൻ 40 കോടി രൂപാ ചെലവുണ്ട്. അപ്പോൾ കൈക്കടലാസു വ്യവസായത്തിനു ചെലവു കുറവാണെന്നു പറയാം.

യു. പി. യിൽ പ്രചാരത്തിലുള്ള ഒരു ഗ്രാമ

വ്യവസായമുണ്ട്. ഉമിച്ചാരത്തിൽ നിന്നും സിമ ൻറുണ്ടാക്കുന്ന വ്യവസായം.

അവർക്കു തൊഴിൽ

ഇത്തരം വ്യവസായങ്ങൾക്കെല്ലാമുള്ള പ്രത്യേ കത ഇത് ഗ്രാമങ്ങളിൽ ഏററവും താഴെക്കിടയി ലുള്ള ജനവിഭാഗങ്ങൾക്ക് തൊഴിലും വരുമാന വും നൽകുന്നു എന്നുള്ളതാണ്.

ഗ്രാമങ്ങളിൽ ഉല്പാദിപ്പിക്കുന്ന സമ്പത്തി ൻെറ നല്ലൊരു പങ്ക് ഗ്രാമങ്ങളിൽ തന്നെ ലഭി ക്കുന്നു. ഗ്രാമം അഭിവൃദ്ധിപ്പെടുന്നു.

നമ്മുടെ ഗ്രാമങ്ങളിൽ പാഴാക്കിക്കളയുന്ന എല്ലാ വസ്തുക്കളും കമ്പിയും, വാഴപ്പോളയും, പഴന്തുണിയും, തകരവും, പാഴ്തടികളും മാത്ര മല്ല മനുഷ്യൻെറ മലം പോലും പുനചക്രണം എന്ന പ്രക്രിയയിലൂടെ പ്രയോജനപ്പെടുത്താം.

ബയോഗ്യാസ്

മനുഷ്യരുടെ കക്കൂസ് ടാങ്കുകളിൽ ശേഖരി ക്കപ്പെടുന്ന മലത്തിൽ നിന്നും തീ കത്തിക്കാനും പമ്പുസെററു പ്രവർത്തിപ്പിക്കാനും കഴിയുന്ന ബയോഗ്യാസ് ഉല്പാദിപ്പിക്കാമെന്നു കണ്ടുപി ടിച്ചിട്ടുണ്ട്. ഈ രീതി ചൈനയിൽ വളരെ വ്യാപകമായി പ്രചാരത്തിലുള്ളതാണ്.

പാഴ്‌വസ്തുക്കൾക്ക് വിലനൽകിയും, പാഴാകുന്ന അധ്വാനം പ്രയോജനപ്പെടുത്തിയും ഗ്രാമീണരെ സഹായിക്കാൻ ശാസ്ത്രകാരൻമാരുടെ സഹകരണം കൂടിയേ കഴിയൂ.

അമേരിക്കയും, സോവിയററ് യൂണിയനും കഴിഞ്ഞാൽ ഏററവുമധികം ശാസ്ത്രകാരൻമാരുള്ളത് ഇന്ത്യയിലാണ്. എന്നാൽ നമ്മുടെ ശാസ്ത്രകാരൻമാർ ഇന്നു ഗവേഷണം നടത്തുന്നത് വൻകിട വ്യവസായങ്ങളുടെ താല്പര്യത്തിനോ, വികസിത വിദേശരാജ്യങ്ങളുടെ ആവശ്യങ്ങൾക്കോ വേണ്ടിയാണെന്ന് പരക്കെ പരാതിയുണ്ട്.

ശാസ്ത്രം കടന്നുവരണം

ഈ സ്ഥിതി മാറണം. തെങ്ങിൻെറ കാററുവീഴ്ച തടയണം, കാർഷിക രംഗത്ത് രോഗങ്ങളെ ചെറുത്തു വളരാൻ കഴിയുന്ന വിത്തുകൾ കണ്ടെത്തണം, അത്യുല്പാദന ശേഷിയുള്ള വിത്തുകൾ ഇനിയും ഉണ്ടാവണം. ജലകളകളും പാഴ്‌വസ്തുക്കളും ഉപയോഗപ്രദമാക്കുന്ന സാങ്കേതിക വിദ്യകൾ കണ്ടെത്തണം. ഗ്രാമീണരുടെയിടയിൽ വ്യാപകമായുള്ള പകർച്ചവ്യാധി രോഗങ്ങൾ എന്നെന്നേയ്ക്കുമായി തടയണം. രോഗചികിൽസയ്ക്ക് ചെലവു കുറഞ്ഞതും നാട്ടിൽ ലഭ്യമാകുന്നതുമായ മരുന്നുകൾ കണ്ടെത്തണം.

ഇങ്ങനെ മുക്കാൽപങ്കു ജനങ്ങളും അധിവസി ക്കുന്ന ഗ്രാമങ്ങളുടെ അഭിവൃദ്ധിക്കായി ശാസ് ത്രകാരൻമാരെ പ്രവർത്തിപ്പിക്കണം.

ശാസ്ത്രം ഗ്രാമങ്ങളിൽ പ്രചരിപ്പിക്കുക. ശാസ്ത്രത്തിൻെറ ഗുണങ്ങൾ പ്രയോജനപ്പെടു ത്താൻ നാട്ടിൻപുറത്തുകാരെ പഠിപ്പിക്കുക. നാടി ൻെറ പ്രശ്നങ്ങൾ ശാസ്ത്രകാരന്മാരെയും പഠിപ്പിക്കുക. ഗ്രാമീണരും ശാസ്ത്രകാരൻമാ രും നിരന്തരമായി ബന്ധപ്പെടുന്ന സ്ഥിതിയു ണ്ടാക്കുക. ഇതെല്ലാമാണ് ജനകീയ ശാസ്ത്ര പ്രസ്ഥാനം ചെയ്യേണ്ടത്. ശാസ്ത്ര സാഹി ത്യപരിഷത്ത് ഇതിനുവേണ്ടി അതിൻെറ എളിയ കഴിവുകൾ ഉപയോഗിച്ച് പ്രവർത്തിക്കുന്നു.